# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3296** **14/3/2018-ൽ മറുപടിക്ക്**

### ആരോഗ്യ ജാഗ്രതാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | **എ)** | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| **ബി)** | ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | **ബി)** | ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കുക. അതിന് ഓരോ മാസവും ചെയ്യേണ്ടതായ പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കുക.<br>2. ഇതര വകുപ്പുകളുടെയും ആർദ്രം മിഷന്റെയും ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ആരോഗ്യ-പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കർമ്മപദ്ധതി നടപ്പിലാക്കുക വഴി വരും വർഷം പകർച്ചവ്യാധികളും അവ മൂലമുള്ള മരണങ്ങളും കുറയ്ക്കുക.<br>3. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ ശാക്തീകരിക്കുക<br>4. വാർഡ് തല ശുചിത്വസ്ക്വാഡുകൾ രൂപീകരിക്കുക<br>5. വാർഡ്തലത്തിൽ ശുചിത്വമാപ്പിംഗ് നടത്തുക<br>6. വാർഡ്തല സൂക്ഷ്മ കർമ്മ പദ്ധതി (മൈക്രോ പ്ലാൻ) തയ്യാറാക്കുക<br>7. പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കുക<br>8. കർമ്മപദ്ധതി നടപ്പിലാക്കുക<br>9. മഴക്കാല പൂർവ്വ ശുചീകരണം നടത്തുക<br>10. പകർച്ചവ്യാധി പ്രതിരോധത്തിനുള്ള കാമ്പയിനുകൾ സമയബന്ധിതമായി നടപ്പിലാക്കുക |

11. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുക.

12. ഹെൽത്തി കേരള പരിശോധനകൾ നടത്തി പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക

13. ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തന പരിശീലനം

14. പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുക.

**സെക്ഷൻ ഓഫീസർ**